# വൃദ്ധജനങ്ങൾ സംഘടിക്കുന്നു

മാത്രം കോട്ട് അശോകൻ

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ:-

1 സംസ്ഥാനസർക്കാർ ധന സഹായത്തോടെ പ്രവർത്തിക്കുന്ന എൺപത്തി രണ്ടു വൃദ്ധ സദനങ്ങൾ കേരളത്തിലുണ്ട്. ഒരന്തേവാസിക്ക് നൂറു രൂപാ ക്രമത്തിൽ ഗ്രാന്റ് നല്കിവരുന്നു. 2. വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിനു മുപ്പതു ലക്ഷം രൂപാ ധനസഹായം നല്കുന്നു. പ്രോഗ്രാംസ് റിലേറ്റഡ് ടു ഏജ്ഡ് പദ്ധതി അനുസരിച്ച് വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കായി ധനസഹായം നല്കിവരുന്നു. 3. സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പതിമൂന്ന് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു.



മേല്പറഞ്ഞ സർക്കാർ സഹായം തീരെ അപര്യാപ്തമാണെന്നു പറയേണ്ടതില്ലല്ലോ. ഒരാളുടെ മുപ്പതു ദിവസത്തെ ചെലവിന് നൂറുരൂപാ സഹായം കൊണ്ടെന്താണു നടക്കുക. സർക്കാരിന്റേതും സർക്കാരംഗീകൃതവുമായ സദനങ്ങളിൽ ആറായിരത്തോളമാണു ജനസംഖ്യ, എന്നാണറിവ്.

വൃദ്ധജനങ്ങളുടെ പുനരധിവാസം, പരിചരണം, സംരക്ഷണം എന്നിവയ്ക്കായി നിയമങ്ങളിൽ വ്യവസ്ഥചെയ്യുമെന്നു സാമൂഹ്യക്ഷേമ മന്ത്രി സുശീല ഗോപാലൻ ഒരു വർഷം മുമ്പ് നിയമസഭയിൽ പ്രസ്താവിച്ചിരുന്നു. വൃദ്ധജനസംരക്ഷണത്തിനു നിയമം കൊണ്ടുവരാൻ കേന്ദ്രസർക്കാർ ആലോചിക്കുന്നുണ്ടെന്നും ഇതേപറ്റിയുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി പ്രസ്താവിക്കുകയുണ്ടായി. പക്ഷേ, പിന്നീടൊന്നും നടന്നതായി അറിയില്ല.

കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നു അണുകുടുംബങ്ങളിലേക്കുള്ള വികാസത്തിൽ വൃദ്ധജനങ്ങൾ മിക്കവാറും ഒറ്റപ്പെട്ടുപോയിരിക്കുന്നു. അവർ സ്വന്തം ഗൃഹത്തിൽ അവഗണിക്കപ്പെടുന്നു. സ്വന്തം മുറിയിലോ സ്ഥാനത്തോ ഒതുങ്ങിക്കൂടുവാൻ നിർബ്ബന്ധിതരാകുന്നു. തങ്ങളുടെ ഭൂസ്വത്തുക്കൾ സ്വന്തം നിയന്ത്രണത്തിൽ നിർത്താനവർക്കു കഴിയാതെ പോകുന്നു. സ്വത്തുക്കൾ തട്ടിയെടുക്കാൻ മക്കളും മരുമക്കളും നടത്തുന്ന ബലാല്ക്കാരത്തിന്റെയും പീഡനത്തിന്റെയും കഥകൾ ധാരാളം. കുറച്ചു ഭൂസ്വത്തുണ്ടെങ്കിൽ, പ്രായമായാൽ മനസ്സമാധാനത്തോടെ ജീവിക്കാൻ പറ്റാത്ത അവസ്ഥയാണു പലർക്കും വന്നു ചേരുക. നിയമപരമായ സംരക്ഷണം വൃദ്ധന്മാർക്കന്യമാകുന്നു!

സാമൂഹ്യമായിട്ടും വൃദ്ധജനങ്ങൾ അവഗണിക്കപ്പെടുന്നു. യാത്രാവേളകളിൽ ഇതു വളരെ പ്രകടമാണ്. ചീറിപാഞ്ഞുവരുന്ന ബസ്സുകൾ വൃദ്ധരെ കണ്ടാൽ നിർത്തുകയില്ല. സാമർത്ഥ്യമുള്ളവർ ഇരിപ്പിടം കൈക്കലാക്കുന്നതുകൊണ്ട് വയസ്സന്മാർക്കു നിന്നുകൊണ്ടു യാത്രചെയ്യേണ്ടി വരുന്നു. സർക്കാരിന്റേതും അല്ലാത്തതുമായ ആതുരാലയങ്ങളിൽ വയസ്സന്മാർക്കു പരിഗണനയില്ലെന്നതു പോകട്ടെ, അവഗണനയാണുള്ളത്. എല്ലാരംഗത്തും വയസ്സന്മാർ പുറന്തള്ളപ്പെടുന്നു!

കേരളത്തിൽ ആദ്യമായി, തൃശ്ശൂരിൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും വയോജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, ഡോ. ഏ .റ്റി. കേശവൻ കൺവീനറായി വൃദ്ധജനങ്ങളുടെ സംഘടനയ്ക്കു രൂപം നല്കാൻ കഴിഞ്ഞുവെന്നതു പ്രതീക്ഷയ്ക്കു വക നല്കുന്നുണ്ട്!